**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1289** **08-12-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് , ശിപാർശ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് പറയാമോ; | (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ആർ.ബി.ഡി.സി.കെ മുഖേന കാഞ്ഞങ്ങാട് ഫ്ളൈഓവർ, കുശാൽ നഗർ റെയിൽവെ മേൽപ്പാലം, എന്നീ പദ്ധതികളാണ് നടക്കുന്നത്.<br><br>കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെ.ആർ.എഫ്.ബി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഓരോ പ്രവൃത്തിയുടെയും പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (ബി) | ആർ.ബി.ഡി.സി.കെ കീഴിൽ നടക്കുന്ന പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി<br><br>**<u>കാഞ്ഞങ്ങാട് ഫ്ളൈഓവർ</u>**: കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10.07.2017 ൽ സർക്കാർ ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ:യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. പദ്ധതിക്കായി വിശദമായ പഠനത്തിന് ശേഷം തയ്യാറാക്കിയ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി 27.08.2021-ന് സമർപ്പിച്ചു. തുടർന്ന് 11.02.2022-ന് കിഫ്ബി യിൽ നിന്ന് Technical Appraisal Report (TAR) ലഭിക്കുകയും, ആയതിന് 11.04.2022-ന് മറുപടി സമർപ്പിക്കുകയും ചെയ്തു. തുടർന്ന് 27.05.2022-ന് കിഫ്ബി TAR-2 സമർപ്പിക്കുകയും പുതുതായി ട്രാഫിക് പഠനം നടത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തു. അതുപ്രകാരം ട്രാഫിക് പഠനം നടത്തി 30.09.2022-ന് മറുപടി നൽകുകയും ചെയ്തു.<br><br>**<u>കുശാൽ നഗർ റെയിൽവെ മേൽപ്പാലം(LC 273)</u>**<br><br>കുശാൽ നഗർ റെയിൽവെ മേൽപ്പാലത്തിന്റെ നിർമ്മാണ പദ്ധതിയുടെ എസ്.പി.വി ആയി നിയമിച്ച ആർ.ബി.ഡി.സി.കെ. വിശദമായ പഠനത്തിന് |

| | | | |
|---|---|---|---|
| | | | ശേഷം സമർപ്പിച്ച ഡി.പി.ആർ 11.02.2020-ന് കിഫ്ബി അംഗീകരിച്ചു. തുടർന്ന് ജി.എ.ഡി (ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ്) റെയിൽവേയുടെ അംഗീകാരത്തിനായി നൽകി. എന്നാൽ ഈ പ്രദേശത്തുകൂടി സിൽവർലൈൻ അലൈൻമെന്റ് വരുന്നതുമൂലം സിൽവർലൈൻ അലൈൻ മെന്റ് അന്തിമമായതിനു ശേഷം മാത്രമെ ജി.എ.ഡി. പരിഗണിക്കാൻ കഴിയു എന്ന് റെയിൽവേ അറിയിച്ചു. എന്നാൽ 28.09.2022 ലെ കത്ത് പ്രകാരം KRDCL ജി.എ.ഡി റെയിൽവേ അംഗീകരിച്ച പദ്ധതികളിൽ സിൽവർലൈൻ അലൈൻമെന്റ് പരിഗണിക്കാതെ പ്രവൃത്തി യുമായി മുന്നോട്ട് പോകുവാൻ അറിയിച്ചിരുന്നു. 12.10.2022 ലെ കത്ത് പ്രകാരം ഈ വിവരം ആർ.ബി.ഡി.സി.കെ റെയിൽവെയിൽ അറിയിച്ചു. എന്നാൽ ഈ നിർദ്ദേശം ജി.എ.ഡി അംഗീകരിക്കപ്പെടാത്ത ആർ.ഒ.ബി.കൾക്ക് ബാധകമാണോ എന്ന കാര്യത്തിൽ KRDCL ൽ നിന്ന് വ്യക്തത വരുത്തണമെന്ന് റെയിൽവേ നിർദ്ദേശിച്ചു. അതനുസരിച്ച് 03.01.2022 ൽ റെയിൽവേ ആവശ്യപ്പെട്ട വിശദീകരണം KRDCL നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. KRDCL ൽ നിന്നും മറുപടി നൽകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. GAD യ്ക്ക് റെയിൽവെയുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.<br><br>കാഞ്ഞങ്ങാട് മണ്ഡലത്തിൽ കെ.ആർ.എഫ്.ബി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു. |
| (സി) | കിഫ്ബി അംഗീകാരത്തിന് സമർപ്പിച്ച കാഞ്ഞങ്ങാട് ഫ്ളൈ ഓവർ, പടന്നക്കാട് മേൽപ്പാലം,വെള്ളരിക്കുണ്ട് റോഡ്, മേക്കാട്ട്-എരിക്കുളം റോഡ് എന്നിവക്ക് ധനകാര്യ അംഗീകാരം നൽകിയോ എന്ന് വ്യക്തമാക്കുമോ; | (സി) | കാഞ്ഞങ്ങാട് ഫ്ളൈഓവർ, പടന്നക്കാട് മേൽപ്പാലം - വെള്ളരികുണ്ട് റോഡ്, മേക്കാട് - ഏരിക്കുളം റോഡ് എന്നിവയ്ക്ക് സാമ്പത്തികാനുമതി ഇതുവരെ ലഭ്യമായിട്ടില്ല. |
| (ഡി) | ഇല്ലെങ്കിൽ എപ്പോൾ ധനകാര്യ അംഗീകാരം നൽകുമെന്ന് പറയാമോ ? | (ഡി) | പടന്നക്കാട് മേൽപ്പാലം - വെള്ളരികുണ്ട് റോഡ് - പാലങ്ങളുടെ പണികൾ പൂർത്തിയാക്കുന്ന മുറക്ക് പ്രസ്തുത പ്രവൃത്തി സാമ്പത്തികാനുമതിക്കായി പരിഗണിക്കാവുന്നതാണ് എന്ന് കിഫ്ബിയിൽ നിന്ന് 13/10/2022 തീയതിയിൽ അറിയിച്ചിട്ടുണ്ട്. മേക്കാട് - ഏരിക്കുളം റോഡിൽ ട്രാഫിക് വളരെ കുറവാണ് എന്ന് കണ്ടെത്തിയതിനാലും കിഫ്ബി മാനദണ്ഡ പ്രകാരമുള്ള വീതിയിൽ നവീകരിക്കുന്നതിന് ആവശ്യമായ ഭൂമി ലഭ്യമല്ലാത്തതിനാലും പ്രസ്തുത |

| | | | |
|---|---|---|---|
| | | | റോഡ് പദ്ധതിക്ക് അനുമതി നൽകാൻ കഴിയാത്ത സാഹചര്യമാണ് എന്ന് കിഫ്ബി 16/04/2022 തീയതിയിൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-I**

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെ.ആർ.എഫ്.ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

1. മലയോര ഹൈവേ കോളിച്ചാൽ - ചെറുപുഴ റോഡ് വികസനം കി.മീ. 0/000 മുതൽ 30/377 വരെ റോഡ് അഭിവൃദ്ധിപ്പെടുത്തൽ.
2. ഹൊസ്ദുർഗ്ഗ് - പാണത്തൂർ റോഡ് കി.മീ. 24/000 മുതൽ 42/000 വരെ റോഡ് അഭിവൃദ്ധിപ്പെടുത്തൽ
3. നീലേശ്വരം എടത്തോട് റോഡ് കി.മീ. 0/000 മുതൽ 13/125 വരെ റോഡ് അഭിവൃദ്ധിപ്പെടുത്തൽ
4. പടന്നക്കാട് വെള്ളരിക്കുണ്ട് റോഡ് കി.മീ. 0/000 മുതൽ 30/100 വരെ റോഡ് അഭിവൃദ്ധിപ്പെടുത്തൽ
5. കിളിയളം വരഞ്ഞൂർ റോഡ് കി.മീ. 0/000 മുതൽ 10/000 വരെ റോഡ് അഭിവൃദ്ധിപ്പെടുത്തൽ.
6. കിളിയളം വരഞ്ഞൂർ റോഡിൽ കിളിയളം പാലം (കി.മീ. 0/250) നിർമ്മാണം
7. കോളിച്ചാൽ ചെറുപുഴ മലയോര ഹൈവേയിലെ വള്ളിക്കടവ് പാലം (കി.മീ. 18/250) പുനർനിർമ്മാണം.
8. മേക്കാട്ട് - എരിക്കുളം റോഡ് കി.മീ. 0/000 മുതൽ 4/653 വരെ അഭിവൃദ്ധിപ്പെടുത്തൽ.

**അനുബന്ധം-II**

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെ.ആർ.എഫ്.ബി നടപ്പിലാക്കുന്ന പദ്ധതികൾ**

1. **കോളിച്ചാൽ - ചെറുപുഴ റോഡ്**

പ്രസ്തുത റോഡിന്റെ ആകെ നീളം 28.80 കിലോമീറ്റർ ആണ്. അതിൽ 25.8 കിലോമീറ്റർ നീളത്തിൽ ഡി.ബി.എം. പ്രവൃത്തി പൂർത്തീകരിച്ചു. പൂർത്തീകരണ കാലാവധി 31-12-2022 വരെ ദീർഘിപ്പിച്ചു നൽകാനുള്ള അപേക്ഷ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിക്കുകയും ആയതിനുള്ള തുടർനടപടികൾ പൊതുമരാമത്ത് നിരത്ത് വിഭാഗത്തില് നടന്നുവരുന്നു. ഇതുവരെ പ്രവൃത്തിയുടെ 82% പൂർത്തീകരിച്ചിട്ടുണ്ട്.

2 . **ഹോസ്ദുർഗ് പാണത്തൂർ റോഡ്**

പ്രസ്തുത പ്രവൃത്തിയുടെ കരാർ തീയതി 13-04-2022 ആണ്. പ്രവൃത്തിയുടെ ഭാഗമായി കലുങ്കുകളുടെ നിർമ്മാണം, റോഡ് വീതി കൂട്ടൽ, പാർശ്വസംരക്ഷണ ഭിത്തി എന്നിവയുൾപ്പെടെ ആകെ 8% പ്രവൃത്തികൾ പൂർത്തിയായി പ്രവൃത്തി പുരോഗമിക്കുന്നു. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 18 മാസമാണ്.

3 . **നീലേശ്വരം എടത്തോട് റോഡ്**

പ്രസ്തുത റോഡിന്റെ ആകെ നീളം 13.125 കി.മീ. ആണ്. പ്രവൃത്തിയുടെ ഭാഗമായി 7.20 കി.മീ. നീളത്തിൽ ഡി.ബി.എം. പ്രവൃത്തി പൂർത്തീകരിച്ചു. 0/000 മുതൽ 1/350 വരെയുള്ള ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ നടപടികൾ അവാർഡ് സ്റ്റേജിലാണ്. ഇതുവരെ 45% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

4. **പടന്നക്കാട് വെള്ളരിക്കുണ്ട് റോഡ്**

പ്രസ്തുത പ്രവൃത്തിയുടെ ഒന്നാം ഘട്ടമായി പുളിക്കൽ, ആനപ്പെട്ടി, ബാനം പാലങ്ങൾക്ക് 26-02-2021 തീയതിയിൽ 7.27 കോടി രൂപയ്ക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത പാലങ്ങളുടെ പുനർനിർമ്മാണത്തിനായുള്ള പ്രവൃത്തിയുടെ ടെണ്ടർ 10/06/2022 തീയതിയിലെ ടെൻഡർ അപ്പ്രൂവൽ കമ്മിറ്റി അംഗീകരിച്ച് നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് Project Execution Document അംഗീകരിച്ച്, കരാർ നമ്പർ ലഭ്യമാക്കി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

രണ്ടാം ഘട്ടമായി റോഡ് പ്രവൃത്തിയുടെ സാമ്പത്തികാനുമതിക്ക വേണ്ടി പുതിയ എസ്റ്റിമേറ്റ് 11/10/2022 തീയതിയിൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ പാലങ്ങളുടെ പണികൾ പൂർത്തിയാക്കുന്ന മുറക്ക് സാമ്പത്തികാനുമതിക്കായി പരിഗണിക്കാവുന്നതാണ് എന്ന് കിഫ്ബിയിൽ നിന്ന് അറിയിച്ചുകൊണ്ട് 13/10/2022 തീയതിയിൽ എസ്റ്റിമേറ്റ് മടക്കി നൽകിയിട്ടുണ്ട്.

**5 . കിളിയളം വരഞ്ഞൂർ റോഡ്**

പ്രസ്തുത പ്രവൃത്തിയുടെ പാലം ഒഴികെ 10 കിലോമീറ്റർ ഡി.ബി.എം. പൂർത്തീകരിച്ചിട്ടുണ്ട്. ഇതുവരെ 83% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**6 . കിളിയളം പാലം**

പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ 18/11/2022 തീയതിയിൽ കൂടിയ ടെൻഡർ അപ്രൂവൽ കമ്മിറ്റിയിൽ അംഗീകരിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും Letter of Acceptance നമ്പർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**7 . വള്ളിക്കടവ് പാലം**

പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. സാമ്പത്തികാനുമതി ലഭിക്കുന്നതിലേക്കായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ആയത് കിഫ്ബിയുടെ പരിഗണനയിലാണ്.

**8. മേക്കാട് – ഏരിക്കുളം റോഡ്**

ട്രാഫിക് വളരെ കുറവാണ് എന്ന് കണ്ടെത്തിയതിനാലും കിഫ്ബി മാനദണ്ഡ പ്രകാരമുള്ള വീതിയിൽ നവീകരിക്കുന്നതിന് ആവശ്യമായ ഭൂമി ലഭ്യമല്ലാത്തതിനാലും മേക്കാട് - ഏരിക്കുളം റോഡ് പദ്ധതിക്ക് ഭരണാനുമതി നൽകാൻ കഴിയാത്ത സാഹചര്യമാണ് എന്ന് കിഫ്ബി 16/04/2022 തീയതിയിൽ അറിയിച്ചിട്ടുണ്ട്.

9. കോസ്റ്റൽ ഹൈവേയുടെ 20/150 മുതൽ 32/750 വരെയുള്ള ഭാഗത്തിന്റെ ഡി.പി.ആർ., IDECK മുഖാന്തിരം തയ്യാറാക്കുന്ന പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭിച്ച്, സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായശേഷം സാങ്കേതികാനുമതി നൽകുന്നതിനും ടെൻഡർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.